# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 26 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## എല്ലാ ജില്ലകളിലും കർഷക സാന്ത്വനം പദ്ധതി നടപ്പിലാക്കും: കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ

പ്രളയ ദുരിതം നേരിട്ട കർഷകരുടെ ഉല്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിന് എല്ലാ ജില്ലകളിലും കർഷക സാന്ത്വനം പദ്ധതി നടപ്പിലാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. തേക്കിൻക്കാട് മൈതാനിയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച കർഷക സാന്ത്വനം കർഷക വിപണിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തുടർച്ചയായി രണ്ടാം വർഷവും ഉണ്ടായ പ്രളയം കർഷകരെ തകർത്തു. കർഷകരുടെ തകർച്ച നാടിന്റെയും ഭക്ഷ്യസുരക്ഷയുടെയും തകർച്ചയാണ്. പ്രളയത്തിൽ വലിയ വിള നാശമാണ് കർഷകർക്ക് സംഭവിച്ചത്. ഇതിനൊപ്പം ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്ത സാഹചര്യവും പ്രളയത്തിനു ശേഷം ഉണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് ഓണത്തിനു മുന്നോടിയായി ഇത്തരമൊരു സംരംഭത്തിന് കൃഷി വകുപ്പ് തുടക്കം കുറിക്കുന്നത്. ഇതിലൂടെ കർഷകരിൽ നിന്ന് നേരിട്ട് ഉല്പന്നങ്ങൾ സ്വീകരിച്ച് വിൽക്കാനാണ് ലക്ഷ്യമിടുന്നത്. ഇടനിലക്കാരുടെ ചൂഷണം ഇതിലൂടെ ഒഴിവാകും. വിൽപ്പനയിലൂടെ ലഭിക്കുന്ന ലാഭം കർഷകർക്ക് തിരിച്ചു നൽകുന്ന രീതിയിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. കൃഷി വകുപ്പിന്റെ ഓണ വിപണി അവസാനിക്കുന്നതു വരെ ഈ സംരംഭം എല്ലാ ജില്ലയിലും തുടരാനാണ് ലക്ഷ്യമിടുന്നത്. ഇത്തരമൊരു വിപണിയിൽ നിന്ന് പരമാവധി കാർഷിക ഉല്പന്നങ്ങൾ വാങ്ങി പൊതു സമൂഹം കർഷകർക്ക് താങ്ങായി നിൽക്കണമെന്ന് മന്ത്രി പറഞ്ഞു.

മേയർ അജിത വിജയൻ അധ്യക്ഷയായി. ആദ്യവിൽപ്പന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിച്ചു. കണ്ണൻ സ്വാമി, ഇളവരശി, ശ്രീകുമാർ എന്നിവർ ഏറ്റു വാങ്ങി. ജില്ലാ കളക്ടർ എസ് ഷാനവാസ്, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ ബി മോഹനൻ, ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി അധ്യക്ഷ ജെന്നി ജോസഫ്, കോർപ്പറേഷൻ കൗൺസിലർമാരായ ഷീബ ബാബു, എം.എസ്. സമ്പൂർണ, എസ്. മഹേഷ്, ശാന്ത അപ്പു, പൂർണിമ, ലളിതാംബിക, കൃഷി ഡെപ്യൂട്ടി ഡയറക്ടർ പ്രസാദ് മാത്യു, ജില്ലാ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

21 ഇനങ്ങളാണ് വിപണിയിൽ വിൽപ്പനയ്ക്കുള്ളത്. നിലവിൽ സെപ്റ്റംബർ രണ്ട് വരെയും തുടർന്ന് കൃഷി വകുപ്പിന്റെ ഓണം വിപണി അവസാനിക്കുന്നതു വരെയും വിൽപ്പന ഉണ്ടാകും. രാവിലെ 10 മുതൽ രാത്രി എട്ട് വരെ ഉല്പന്നങ്ങൾ ഇവിടെനിന്ന് വാങ്ങാം.

## പ്രളയദുരിതം: കർഷകരുടെ കണ്ണീരൊപ്പാൻ കർഷകസാന്ത്വനം

തുടർച്ചയായി രണ്ടാം വർഷവും പ്രളയദുരിതം അനുവദിച്ച കർഷകരുടെ കണ്ണീരൊപ്പാൻ കൃഷി വകുപ്പു മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം കർഷകസാന്ത്വനം എന്ന പേരിൽ പച്ചക്കറി വിപണിക്ക് തുടക്കമായി. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തേക്കിൻകാട് തെക്കേഗോപുര നടയി ലാണ് വിപണി തുടങ്ങിയത്. ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ രണ്ടു വരെയാണ് വിപണന മേള നടക്കുക. രാവിലെ 10 മുതൽ രാത്രി 8 വരെ കാർഷികോൽപനങ്ങൾ ഇവിടെ നിന്ന് വാങ്ങാം. നിലവിൽ സെപ്തംബർ രണ്ട് വരെയും തുടർന്ന് കൃഷി വകുപ്പിന്റെ ഓണം വിപണി അവസാനിക്കുന്നതു വരെയും വിൽപ്പന ഉണ്ടാകും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള പ്രളയബാധിതകർഷകരുടെ നേന്ത്രക്കായയും മറ്റു പച്ചക്കറികളും വിറ്റഴിക്കുന്നതിനാണ് ഈ സംരം

ഭം. കൃഷി വകുപ്പിന് പുറമേ ഹോർട്ടികോർപ്പ്, വിഎഫ്പിസികെ തുടങ്ങി സർക്കാർ ഏജൻസികളും വിപണിയിൽ പങ്കാളികളാണ്. നമ്മെ ഓണമൂട്ടാൻ വേണ്ടി പാടുപെടുന്ന കർഷകർക്കുണ്ടായ ദുരിതത്തിൽ നിന്ന് അവരെ കൈപിടിച്ചയുർത്തുവാനുള്ള സാമൂഹ്യ ബാധ്യത നിറവേറ്റൽ ആണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർഷകസംഘങ്ങളിൽ നിന്നും ശേഖരിച്ച 22 ഇനം പച്ചക്കറികളാണ് പ്രദർശനമേളയിൽ ഉണ്ടാവുക. കുമ്പളം, നേന്ത്രക്കായ, നേന്ത്രപ്പഴം, പാവയ്ക്ക, വെണ്ട, പടവലം, വഴുതന, നാടൻമുളക്, കോടാലി മുളക്, ചേന, കപ്പ, കോവയ്ക്ക, ഇഞ്ചി, സെറമുളക്, വാഴകൂമ്പ്, എളള്, കറിനാരാങ്ങ തുടങ്ങിയവ ഈ വിപണിയിൽ ലഭ്യമാണ്. പൊതുവിപണയിലേക്കാളും വിലക്കുറവിലാണ് ഇവ ജനങ്ങൾക്ക് ലഭ്യമാവുക. കർഷക ഉൽപന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക കൂടിയാണ് മേളയുടെ ലക്ഷ്യം.

പഴം പച്ചക്കറി സ്റ്റാളിലേക്ക് വിഎഫ്പിസികെ കർഷകരിൽ നിന്നും വിവിധ ഉൽപന്നങ്ങൾ ശേഖരിച്ചു. മാള കുഴൂരിലെ ലീല, ഇ ടി ഡേവീസ് കർഷകരിൽ നിന്നും നേന്ത്രക്കായും പരിയാരം പി വി ലോന, കെ വി തോമസ്, ജോളി റപ്പായി എന്നിവരിൽ നിന്നും നേന്ത്രപ്പഴം, കുഴൂർ ബബിത ഫ്രാൻസീസ്, സന്തോഷ്, ഷാജു, പരിയാരം ബാബു പി കെ എന്നിവരിൽ നിന്നും ചേനയും, മാളയിലെ കർഷകനായ സുനിലിൽ നിന്നും വെണ്ടയും ശേഖരിച്ചു. മാളയിലെ മറ്റൊരു കർഷകനായ ചന്ദ്രനിൽ നിന്നും വഴുതന സ്റ്റാളിൽ എത്തിച്ചു. മരോട്ടിച്ചാലിലെ വർഗ്ഗീസിൽ നിന്നും പാവലും, പരിയാരം ജോബി ജോസിൽ നിന്ന് വാഴക്കൂമ്പും പഴം, പച്ചക്കറി വിപണന മേളയ്ക്കായി കൊണ്ടുവന്നു.

# കുട്ടികളെ സാമൂഹിക ഉത്തരവാദിത്വമുള്ളവരാക്കണം: മന്ത്രി എ.സി.മൊയ്തീൻ

കുട്ടികളെ യാന്ത്രിക ലോകത്തിന്റെ തെറ്റായ ജീവിതചര്യയിൽ നിന്നും സാമൂഹിക ഉത്തരവാദിത്വമുള്ളവരാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ. വടക്കാഞ്ചേരി ഗവ.ഗേൾസ് എൽ.പി.സ്കൂളിൽ വെച്ച് നടന്ന 'ദൃഷ്ടി'യുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂൾ വിദ്യാർത്ഥികളിൽ ഉണ്ടാക്കുന്ന തെറ്റായ ജീവിതചര്യകൾ, ദൃശ്യമാധ്യമങ്ങൾ, മൊബൈൽ എന്നിവയുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുകയും കുട്ടികളിലെ കാഴ്ചത്തകരാറുകൾ കണ്ടെത്തി അവരുടെ കണ്ണുകളുടെ ആരോഗ്യം വർദ്ധിപ്പിക്കുകയുമാണ് പദ്ധയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

'കുട്ടികളുടെ കാഴ്ചക്കുറവിന് ആയുർവ്വേദ പരിഹാരം' എന്ന കാഴ്ചപ്പാടിൽ 2012 - 13 കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതിയാണ് ദൃഷ്ടി. കഴിഞ്ഞ 6 വർഷമായി ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതി കാഴ്ച വർദ്ധിപ്പിക്കുക എന്നതിനൊപ്പം കുട്ടികളുടെ സമഗ്ര ആരോഗ്യവും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുന്നതിനും പ്രസക്തി നൽകുന്നുണ്ട്. നിലവിൽ പദ്ധതി നിർവ്വഹിക്കുന്ന തൃശൂർ രാമവർമ്മ ജില്ലാ ആയുർവ്വേദ ആശുപത്രിയിലും, ഇരിങ്ങാലക്കുട ഗവ.ആയുർവ്വേദ ആശുപത്രി എന്നിവിടങ്ങളിലായി 27,000 കുട്ടികളുടെ കാഴ്ച പരിശോധിക്കുകയും 400 കുട്ടികൾക്ക് നേത്രചികിത്സയും നൽകി.

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. ദൃഷ്ടി പദ്ധതി സംസ്ഥാന കൺവീനർ പി.കെ. നേത്രദാസ് പദ്ധതി വിശദീകരിച്ചു. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ജയപ്രീത മോഹൻ, വാർഡ് കൗൺസിലർ സിന്ധു സുബ്രഹ്മണ്യൻ, വടക്കാഞ്ചേരി എ.ഇ.ഒ. പി.ശോഭനകുമാരി, എൻ.സി.രാമകൃഷ്ൻ വടക്കാഞ്ചേരി ബി.പി.സി, പി.ടി.എ. പ്രസിഡണ്ട് ഇ.എസ്. ഷസിയ എന്നിവർ ആശംസ നേർന്നു. തൃശ്ശൂർ ജില്ല ഭാരതീയ ചികിത്സാവകുപ്പ് ഡിഎംഒ എസ് ഷിബു സ്വാഗതവും വടക്കാഞ്ചേരി ഗവ. ഗേൾസ് എൽപിസ്കൂൾ ഹെഡ്മിസ്ട്രസ് ഇ ടി രാജിമോൾ നന്ദിയും പറഞ്ഞു.

# ജില്ലയിൽ സെപ്റ്റംബർ 10 മുതൽ 14 വരെ ഓണാഘോഷം സംഘടിപ്പിക്കും

ജില്ലാ ഭരണകൂടത്തിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും ഡിടിപിസിയുടെയും ആഭിമുഖ്യത്തിൽ തൃശൂർ തേക്കിൻകാട് മൈതാനിയിൽ അഞ്ച് ദിവസത്തെ ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ അധ്യക്ഷതയിൽ

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ആലോചനയോഗം തീരുമാനിച്ചു. സെപ്റ്റംബർ പത്തിന് ഉത്രാടം ദിവസം തുടങ്ങുന്ന ഓണഘോഷം 14 ന് പുലിക്കളിയോടെയാവും സമാപിക്കുക. സെപ്റ്റംബർ രണ്ടിന് തേക്കിൻകാട് മൈതാനിയിലെ നായ്ക്കനാലിൽ സൗഹൃദ കൂട്ടായ്മകൾ മെഗാ പൂക്കളം ഒരുക്കും.

പ്രളയവും മഴക്കെടുതികളും മൂലം കഴിഞ്ഞ വർഷം മാറ്റിവെച്ച ഓണാഘോഷം ആഡംബരങ്ങളില്ലാതെ പ്രൗഢമായി ആചരിക്കുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനത്തിന്റെ ടൂറിസം വരുമാനത്തിന്റെ പ്രധാന ഭാഗമാണ് ഓണാഘോഷമെന്നും ആഘോഷങ്ങളില്ലാത്ത നിശ്ചലാവസ്ഥ ടൂറിസത്തിന് ഗുണം ചെയ്യില്ലെന്നും മന്ത്രി പറഞ്ഞു. ഓണാഘോഷങ്ങൾ മാറ്റിവെക്കുന്നതുമൂലം ടൂറിസം മേഖലക്ക് കനത്ത നഷ്ടങ്ങളുണ്ടാകുന്നതിനാലാണ് ആഡംബരങ്ങൾ ഒഴിവാക്കിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. കുമ്മാട്ടിക്കളിയടക്കമുള്ള ജില്ലയുടെ തനതുകലാരൂപങ്ങൾക്കും കലാകാരന്മാർക്കും പരിഗണന നൽകിയാകും കലാപരിപാടികൾ. പ്രാദേശിക കലാകാരന്മാർ ഒന്നിക്കുന്ന സ്റ്റേജ് ഷോകളും ഓണാഘോഷത്തിന് മാറ്റുകൂട്ടും. ജില്ല യിലെ പ്രമുഖരായ കലാകാരന്മാരെ ഓണാഘോഷചടങ്ങിൽ ആദരിക്കും. ഉത്തരവാദിത്വ ടൂറിസ ത്തിന്റെ ഭാഗമായുള്ള പരിപാടികളും ആസൂത്രണം ചെയ്യും. ജില്ലാതല പരിപാടികൾക്കൊപ്പം പീച്ചി, വാഴാനി, ചാവക്കാട് തുടങ്ങിയ തിരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അതാതു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രാദേശിക ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കും.

ജില്ലയിലെ മന്ത്രിമാരായ എ സി മൊയ്തീൻ, പ്രൊഫ. സി രവീന്ദ്രനാഥ്, അഡ്വ. വി എസ് സുനിൽകുമാർ, ചീഫ് വിപ്പ് അഡ്വ. കെ രാജൻ, എംപി മാരായ ടി എൻ പ്രതാപൻ, ബെന്നി ബെഹ നാൻ, രമ്യ ഹരിദാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് എന്നിവർ രക്ഷാധികാരികളും കോർപ്പറേഷൻ മേയർ അജിത വിജയൻ ചെയർമാനും ജില്ലാ കളക്ടർ എസ് ഷാനവാസ് കൺവീനറുമായി സംഘാടകസമിതി രൂപവത്ക്കരിച്ചു. ആറു ഉപസമിതികളും ഉണ്ടാവും.

യോഗത്തിൽ ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട കെ കെ ആബീദലി, ജില്ലാ കളക്ടർ എസ് ഷാനവാസ്, ജില്ലാ പഞ്ചായത്തംഗങ്ങൾ, കോർപ്പറേഷൻ കൗൺസിലർമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

## നേത്രദാന പക്ഷാചരണം ജില്ലാതലാചരണം നടന്നു

നേത്രദാനത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും ആഗസ്റ്റ് 25 മുതൽ സെപ്തംബർ 8 വരെ ആചരിക്കുന്ന നേത്രദാന പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം തിരുവില്വാമല എസ്എം ഓഡിറ്റോറിയത്തിൽ ചീഫ് വിപ്പ് അഡ്വ. കെ രാജൻ നിർവ്വഹിച്ചു. ഇന്ത്യയിൽ അഞ്ചിൽ ഒരാൾക്ക് എന്ന നിരക്കിൽ 45 ലക്ഷത്തോളം പേർക്ക് നേത്രപടല മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള സാഹചര്യത്തിൽ ആകെ 45000 നേത്രപടലങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. നേത്രദാനത്തിന്റെ മഹത്വം ഓരോരുത്തരും ഉൾക്കൊണ്ടു കൊണ്ട് മഹത്തായ കർമ്മത്തിന് പങ്കാളികളാകണമെന്ന് അദ്ദേഹം പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി തങ്കമ്മ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. റീന കെ ജെ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി ഡിഎംഒ ഡോ. കാവ്യ കരുണാകരൻ നേത്രദാനപത്രം സ്വീകരിച്ചു. ജില്ലാ ഒഫ്താൽമിക്ക് കോർഡിനേറ്റർ വി ജി സത്യനേശൻ വിഷയാവതരണം നടത്തി. പരിപാടിയുടെ ഭാഗമായി സൗജന്യ നേത്രപരിശോധനാ ക്യാമ്പും പ്രത്യേക ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. കുത്താമ്പുള്ളി പിഎച്ച്സിയിലെ ഡോ. രചന, ആരോഗ്യവകുപ്പ് ജീവനക്കാർ തുട ങ്ങിയവർ പങ്കെടുത്തു. പക്ഷാചരണത്തോടനുബന്ധിച്ച് ജില്ലയിലുടനീളം പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

## സംസ്ഥാന പോലീസ് ഷൂട്ടിങ് മീറ്റ് തുടങ്ങി

സംസ്ഥാന പോലീസ് ഷൂട്ടിങ് മീറ്റ് രാമവർമ്മപുരം കേരള പോലീസ് അക്കാദമി ഫയറിംഗ് ബട്ടിൽ അന്താരാഷ്ട്ര ഷൂട്ടിംഗ് താരം എലിസബത്ത് സൂസൻ കോശി ഉദ്ഘാടനം ചെയ്തു. എലിസബത്ത് സൂസൻ കോശി നൂറ് മീറ്ററിൽ ഷൂട്ട് ചെയ്ത് ലക്ഷ്യത്തിൽ എത്തിച്ചായിരുന്നു ഉദ്ഘാടനം. ഇന്ത്യൻ റിസർവ്വ് ബറ്റാലിയൻ കമാണ്ടർ ദേ ബേക്ഷ കുമാർ ബെഹറ, അക്കാദമി അസി. ഡയറക്ടർ ഉമ ബെഹറ, സൂപ്രണ്ട് കെ എ അജി, സി വി പാപ്പച്ചൻ തുടങ്ങിയവർ സന്നിഹിതരായി. ദേശീയ പോലീസ് ഷൂട്ടിങ്ങിന് മുന്നോടിയായി കേരള പോലീസ് ടീം അംഗങ്ങളെ തിരഞ്ഞെടുപ്പും സംസ്ഥാന പോലീസ് ഷൂട്ടിങ് മീറ്റിലൂടെ നടക്കും. വിവിധ ജില്ലകളിൽ നിന്നുമായി 300 ഷൂട്ടിങ് താരങ്ങൾ 15 വിഭാഗങ്ങളിൽ ആയി പങ്കെടുക്കും. ആഗസ്റ്റ് 28 ന് വൈകീട്ട് സമാപനം അർജ്ജുന അവർഡ് ജേതവ് ഒളിമ്പ്യൻ വി ഡിജു ഉദ്ഘാടനം ചെയ്യും. റൈഫിൾ, പിസ്റ്റൺ/റിവോൾവർ, കാർബൈൻ/സ്റ്റെൻ എന്നി വിഭാഗങ്ങളിലാണ് മത്സരം.

## ആരോഗ്യ ശാസ്ത്ര സർവകലാശാല ബിരുദദാനം 30ന് ഗവർണർ നിർവഹിക്കും

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പതിനൊന്നാമത് ബിരുദദാന ചടങ്ങ് ആഗസ്റ്റ് 30ന് രാവിലെ 11 മണിക്ക് ചാൻസലറായ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം നിർവഹിക്കും. തൃശൂർ ഗവ. മെഡിക്കൽ കോളജ് അലുമ്നി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പ്രോ ചാൻസലർ ആരോഗ്യ, സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ മുഖ്യപ്രഭാഷണം നടത്തും. റാങ്ക് ജേതാക്കൾക്ക് കാഷ് അവാർഡ് വിതരണവും നടക്കും. വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ, പ്രൊ വൈസ് ചാൻസലർ ഡോ. എ. നളിനാക്ഷൻ, രജിസ്ട്രാർ ഡോ. എ.കെ. മനോജ് കുമാർ തുടങ്ങിയവർ സംബന്ധിക്കും.

## പ്രളയബാധിതരായ കുട്ടികളെ സഹായിക്കാം

വനിതാ ശിശു വികസന വകുപ്പ് പ്രളയബാധിതരായ കുട്ടികൾക്ക് ബാഗ്, കുട, നോട്ട് ബുക്ക്, പേന, പെൻസിൽ ബോക്സ്, ഇൻസ്ട്രുമെന്റ് ബോക്സ്, ടിഫിൻ ബോക്സ്, വാട്ടർ ബോട്ടിൽ എന്നിവ ശേഖരിക്കുന്നു. പങ്കാളികളാകാൻ താൽപര്യമുള്ളവർ അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശുസംരക്ഷണ ഓഫീസുമായി ബന്ധപ്പെടണമെന്ന് ജില്ലാ ശിശുസംരക്ഷണ ഓഫീസർ അറിയിച്ചു. ഫോൺ: 0487-2364445, 9142034110.

## പിഎസ്സി അഭിമുഖം

തൃശ്ശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു പി സ്കൂൾ അസിസ്റ്റന്റ് മലയാളം (കാറ്റഗറി നമ്പർ : 386/2014) തസ്തികയിലേക്ക് 2019 ഏപ്രിൽ രണ്ടിന് പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം ആഗസ്റ്റ് 30 ന് തിരുവനന്തപുരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖ്യകാര്യാലയത്തിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാക്കണമെന്ന് ജില്ലാ പിഎസ്സി ഓഫീസർ അറിയിച്ചു.

## ടോട്ടൽ സ്റ്റേഷൻ കോഴ്സ്: അപേക്ഷ ക്ഷണിച്ചു

നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ എറിയാട് ഗവ. ഐടിഐയിൽ നടത്തുന്ന ടോട്ടൽ സ്റ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31. കൂടുതൽ വിവരങ്ങൾ ഐടിഐ ഓഫീസുമായോ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നോ അറിയാം. ഫോൺ: 0480-2804320.

## തൊഴിൽരഹിത വേതനവിതരണം

തൃശൂർ കോർപ്പറേഷൻ പരിധിയിലെ തൊഴിൽരഹിത വേതനം ആഗസ്റ്റ് 27, 29, 30, 31 എന്നീ തിയതികളിൽ വിതരണം ചെയ്യും. 2018 ഡിസംബർ മാസം മുതൽ 2019 ജൂലൈ മാസം വരെയുള്ള എട്ട് മാസങ്ങളിലെ വേതനമാണ് വിതരണം ചെയ്യുന്നത്. അർഹരായവർ വേതന വിതരണത്തിനായുള്ള തിരിച്ചറിയൽ കാർഡ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, റേഷൻ കാർഡ്, എസ്എസ്എൽസി ബുക്ക്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുമായി തൃശൂർ കോർപ്പറേഷന്റെ മെയിൻ ഓഫീസിലോ സോണൽ ഓഫീസുകളിലോ മൂന്ന് മണിക്കകം എത്തി കൈപ്പറ്റണം. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഗുണഭോക്താക്കളും മേൽ ദിവസങ്ങളിൽ അതാത് സോണൽ ഓഫീസുകളിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റണം.

## വിയ്യൂർ ജയിലിലെ തിനപാടം കതിരിട്ടു

വിയ്യൂർ ജയിലിലെ ലൗബേർഡ്സിന് വേണ്ടി ജയിൽ അങ്കണത്തിൽ കൃഷിയിറക്കിയ തിനപാടം കതിരിട്ടു. കതിരിട്ടതോടെ ഇതുവരെയും കാണാത്ത പക്ഷികളൊക്കെയാണ് തിനപാടത്തെത്തിയിരിക്കുന്നത്. കാക്കയും ചെറുകിളികളടക്കമുള്ളവയെ ഒക്കെയാണ് ഇവിടെ കാണാറുള്ളതെങ്കിലും തിന തിന്നാൻ കിളികളുടെ തിരക്കാണ്. കഴിഞ്ഞ ദിവസമാണ് തിന കതിരിട്ടത്. ജയിലിൽ ലൗബേർഡ്സിനെ വളർത്തുന്നുണ്ട്. ഇവക്ക് തീറ്റക്കായി പുറത്ത് പണം കൊടുത്ത് വാങ്ങുന്നതിന് പകരമായി കൃഷിയിറക്കിയിരിക്കുകയായിരുന്നു.

## കൊടുങ്ങല്ലൂരിൽ സമഗ്ര കുടിവെള്ളപദ്ധതി നടപ്പാക്കുന്നു

കൊടുങ്ങല്ലൂർ നഗരസഭയുടെ കീഴിൽ സമഗ്രമായ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നു. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മേത്തല പടന്നയിലാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. 30 ലക്ഷം രൂപയാണ് പദ്ധതിതുക. മൂന്ന് മാസത്തിനകം പദ്ധതി നടപ്പിൽ വരുത്തും. നഗരസഭയും റോട്ടറി ക്ളബ്ബ് ഓഫ് കൊടുങ്ങല്ലൂരും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മേത്തല കുന്നംകുളത്ത് നഗരസഭ ചെയർമാൻ കെ.ആർ ജൈത്രൻ നിർവ്വഹിച്ചു. പദ്ധതി നടപ്പാകുന്നതോടെ ഇരുന്നൂറോളം കുടുംബങ്ങളുടെ കുടിവെള്ളക്ഷാമത്തിന് അറുതിയാകും. കുന്നംകുളം ജംഗ്ഷനിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സമീപം നേരത്തെ പ്രവർത്തിച്ചിരുന്ന സബ്-സെന്ററിന്റെ പരിസരത്താണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എട്ട് ഫിൽട്ടർ പോയന്റുകൾ താഴ്ത്തി വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ സംഭരിക്കും. തുടർന്ന് പൈപ്പുകൾ വഴി പടന്നയിലേക്ക് എത്തിച്ച് വിവിധ വീടുകളിലേക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. 8 മീറ്റർ ഉയരത്തിലുള്ള ടാങ്കിൽ 20,000 ലിറ്റർ കുടിവെള്ളം സംഭരിക്കുവാൻ കഴിയും.

## മഴക്കെടുതിയിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നു

കൊടുങ്ങല്ലൂർ നഗരസഭ പ്രദേശത്ത് മഴക്കെടുതിയിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നു. താലൂക്ക് ആശുപത്രിയുടെ പടിഞ്ഞാറു ഭാഗത്തുള്ള വൺവെ റോഡ് തകർന്നതിനെ തുടർന്ന് ടൈൽ പാകുവാൻ നടപടിയെടുക്കുമെന്ന് നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അറിയിച്ചു. കഴിഞ്ഞ അഞ്ച് മാസത്തിനിടയിൽ രണ്ടു തവണയാണ് മെച്ചപ്പെട്ട നിലവാരത്തിൽ റോഡിലെ കുഴികൾ അടച്ചത്. എന്നാൽ ഈ വർഷം ചെയ്ത ശക്തിയായ മഴ മൂലം റോഡ് വീണ്ടും വളരെ മോശമായ അവസ്ഥയിലായി. മഴ കഴിഞ്ഞാൽ റോഡ് ടൈൽ പാകും. അഡ്വ. വി ആർ സുനിൽ കുമാറുമായി വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പണി എത്രയും വേഗം ആരംഭിക്കുമെന്നും ചെയർമാൻ പറഞ്ഞു. അതു വരെ ബസ്സുകൾ വടക്കെ നടവഴി തിരിഞ്ഞു പോകുവാൻ നിർദ്ദേശം നൽകിയതായും ചെയർമാൻ അറിയിച്ചു.

## ലേലം

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഉള്ള മരങ്ങൾ വെട്ടി എടുക്കുന്നതിനുള്ള ലേലം ആഗസ്റ്റ് 27 രാവിലെ 11 ന് തൃശൂർ ഇറിഗേഷൻ സബ് ഡിവിഷൻ കാര്യാലയത്തിൽ നടക്കും. ഫോൺ: 0487-2322780.

## സീറ്റ് ഒഴിവ്

ഗുരുവായൂർ എൽബിഎസ് സബ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് എസ്എസ്എൽസി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫോൺ: 0487-2552387, 9847781678.

# കമ്പ്യൂട്ടർ കോഴ്സ്

കെൽട്രോൺ നടത്തുന്ന ഡിസിഎ, പിജിഡിസിഎ, വേർഡ് പ്രോസസ്സിങ് ആൻഡ് ഡാറ്റ എൻട്രി, ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0487-2429000.

# ദുരന്ത മുഖത്തെ സഹോദരങ്ങൾക്കായി കളിപ്പാട്ടങ്ങളൊരുക്കി കൊച്ചുകൂട്ടുകാർ

പ്രളയം ഏറെ നാശം വിതച്ച നിലമ്പൂരിലെ കുരുന്നുകളിൽ കളിചിരി പടർത്താനുള്ള ശ്രമത്തിലാണ് അന്തിക്കാട് കെജിഎംഎൽപി സ്കൂളിലെ വിദ്യാർത്ഥികൾ. മഴക്കെടുതി കവർന്നെടുത്ത കളിചിരികൾക്കു പകരമായി ദുരന്തമേഖലയിലെ സഹോദരങ്ങൾക്കായി ഒരു വണ്ടിനിറയെ കളിപ്പാട്ടങ്ങളാണ് സ്കൂളിലെ കൂട്ടുകാർ ശേഖരിച്ചത്. പുതിയതും ഉപയോഗപ്രദവുമായ കളിപ്പാട്ടങ്ങളാണ് സ്കൂളിലെ അഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികൾ ഒരാഴ്ചകൊണ്ട് സമാഹരിച്ചത്. ശേഖരിച്ച കളിപ്പാട്ടങ്ങൾ നിലമ്പൂരിലെ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസിൽ എത്തിച്ചു. സ്കൂളിൽ നിന്ന് പുറപ്പെട്ട് കളിപ്പാട്ടവണ്ടി സംവിധയകാൻ സത്യൻ അന്തിക്കാട് ഫ്ളാഗ് ഓഫ് ചെയ്തു. അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സൻ, പിടിഎ പ്രസിഡന്റ് ഫിജി ശശിധരൻ, പ്രധാനധ്യാപകൻ ജോഷി ഡി കൊള്ളന്നൂർ, സമഗ്രശിക്ഷ പ്രൊജക്റ്റ് കോഓർഡിനേറ്റർ പ്രകാശ് ബാബു, ബിആർസി ബിപിഒ അജിത എന്നിവർ നേതൃത്വം നൽകി.

# സിറ്റിങ് ഇന്ന്

ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ് ഇന്ന് (ആഗസ്റ്റ് 27) രാവിലെ 10 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# മാള പഞ്ചായത്ത് കുടുംബശ്രീ മാട്രിമോണി പ്രവർത്തനം ആരംഭിച്ചു

മാള ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മാട്രിമോണി പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശോഭ സജീവൻ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീയിൽ അംഗങ്ങളായിട്ടുള്ളവർക്കും അല്ലാത്തവർക്കും മാട്രിമോണിയിൽ പേര് ചേർക്കാം. ഓരോ വാർഡിലെയും സിഡിഎസ് മെമ്പർമാർ മുഖാന്തരമോ പഞ്ചായത്ത്ഓഫീസിലെ കുടുംബശ്രീ ഓഫീസിൽ നേരിട്ട് എത്തിയോ രജിസ്ട്രേഷൻ ഫോം കൈപ്പറ്റി അംഗത്വം നേടാം.

പെൺകുട്ടികൾകൾക്ക് രജിസ്ട്രേഷൻ സൗജന്യമാണ്. ആൺകുട്ടികൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഫീസീടാക്കും. ഒരു വർഷമാണ് കാലാവധി. എസ്എസ്എൽസി യോഗ്യതയുള്ളവർക്ക് അഞ്ഞൂറ്, പ്ലസ് ടു, ഡിപ്ലോമ യോഗ്യതയുള്ളവർക്ക് എഴുനൂറ്, ഡിഗ്രി മുതൽ ഉയർന്ന പ്രൊഫഷണൽ യോഗ്യത ഉള്ളവർക്ക് ആയിരം എന്നിങ്ങനെയാണ് രജിസ്ട്രേഷൻ നിരക്ക്. അനുയോജ്യമായ പങ്കാളിയെ കണ്ടെത്തിയാൽ വിവാഹ നിശ്ചയത്തിന് പുരുഷൻമാർ പതിനായിരം രൂപ സർവീസ് ചാർജായി അടക്കണം. സർക്കാർ ജോലിയോ മറ്റ് പ്രൊഫഷനലുകളിൽ ജോലി ചെയ്യുന്നതോ ആയ പെൺകുട്ടികൾക്കും ഈ നിരക്ക് ബാധകമാണ്. രജിസ്ട്രേഷൻ നടത്തുന്നവരുടെ ആവശ്യം അനുസരിച്ച് കേരളത്തിൽ എവിടെ നിന്നും അനുയോജ്യമായമായ വിവാഹ ആലോചനകൾ കണ്ടെത്തിക്കൊടുക്കാനുള്ള സൗകര്യവും കുടുംബശ്രീ മാട്രിമോണിയിൽ ഒരുക്കിയിട്ടുണ്ട്.

## തൃപ്രയാർ ജലോത്സവം
## സംഘാടക സമിതി ഓഫീസ് തുറന്നു

ഓണാഘോഷത്തോടനുബന്ധിച്ചു തൃപ്രയാറിൽ നടത്തുന്ന ജലോത്സവത്തിന്റെ സംഘടക സമിതി ഓഫീസ് ഗീത ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്തു. സെപ്റ്റംബർ 11 ന് തിരുവോണനാളിൽ കനോലി കനാലിൽ തൃപ്രയാർ ശ്രീരാമക്ഷേത്ര തീരത്താണ് ജലോത്സവം നടക്കുക. പ്രളയം മൂല കഴിഞ്ഞതവണ മാറ്റിവെച്ച ജലോത്സവത്തിൽ ഇത്തവണ 15 ഇൽ പരം ഇരുട്ടുകുത്തിച്ചുരുളൻ വള്ളങ്ങളാണ് പങ്കെടുക്കുക. ജലോത്സവം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. എംപി, എംഎൽഎ മാർ, ജില്ലാ കളക്ടർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുക്കും. ജലോത്സവ ചെലവുകൾക്കായി രണ്ടു ലക്ഷം രൂപയാണ് ജില്ലാപഞ്ചായത് അനുവദിച്ചിട്ടുള്ളത്. സംഘടക സമിതി ചെയർമാൻ കെ വി പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.സി.ശ്രീദേവി, താന്ന്യം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പി.എസ്.രാധാകൃഷ്ണൻ, നാട്ടിക പഞ്ചായത്ത് പ്രസിഡന്റ് പി.വിനു, പ്രേമചന്ദ്രൻ വടക്കേടത്ത് ടി.വി.ഷൈൻ, എം.വി.പവനൻ എന്നിവർ സംസാരിച്ചു.

## ജില്ലാ ആസൂത്രണ സമിതി 29 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ആഗസ്റ്റ് 29 വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## സൗജന്യ പരിശീലനം

തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗവും ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും ചാലക്കുടി സ്കോളേഴസ് അക്കാദമിയുടെയും സഹകരണത്തോടെ സെപ്റ്റംബർ രണ്ടു മുതൽ ഒരാഴ്ചത്തെ സൗജന്യ പിഎസ്സി പരിശീലനം നടത്തുന്നു. നവംബറിൽ നടക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരീക്ഷക്ക് തയ്യാറെടുക്കുന്നവർക്ക് അപേക്ഷിക്കാം. ഒരാഴ്ചത്തെ പരിശീലനശേഷം നടത്തുന്ന പരീക്ഷാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന 30 പേർക്ക് വിഇഒ പരീക്ഷ വരെ തുടർപരിശീലനം നൽകും. താൽപര്യമുള്ളവർ ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ടോ 0487-2706187, 9495883404 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം.